13612
24/12/20

കേരള സർക്കാർ

'ഭരണഭാഷ – മാതൃഭാഷ'

പാ.കാ.വ-ബി1/40/2020/പാ.കാ.വ

പാർലമെന്ററികാര്യ (ബി) വകുപ്പ്
തിരുവനന്തപുരം
തീയതി : 02/11/2020

## സർക്കുലർ

വിഷയം : പാർലമെന്ററി കാര്യ വകുപ്പ് – കേരള നിയമസഭ – മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2019-21) – സമിതി (2014-2016) യുടെ ഏഴാമത് റിപ്പോർട്ട് – പ്രധാന ശിപാർശകൾ/നിർദ്ദേശങ്ങൾ – സംബന്ധിച്ച്.

സൂചന : ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (പി.എസ്) വകുപ്പിന്റെ 11/09/2020 തീയതിയിലെ 162/പിഎസ്/2020/ഉഭപവ നമ്പർ കത്ത്

2010 ജൂലൈ 31-നാണ് പന്ത്രണ്ടാം കേരള നിയമസഭ മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി രൂപീകരിച്ചത്. വയോജനങ്ങളുടെ സാമൂഹിക-സാമ്പത്തിക ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി സർക്കാർ തലത്തിൽ നടപ്പിലാക്കുന്ന വിവിധ ക്ഷേമപദ്ധതികൾ, കാലഘട്ടത്തിനനുസരിച്ച് അവയിൽ നടപ്പിലാക്കേണ്ട മാറ്റങ്ങൾ എന്നിവ സംബന്ധിച്ചും മുതിർന്ന പൗരന്മാരുടെ ക്ഷേമവും സംരക്ഷണവും ഉറപ്പ് വരുത്തുന്നതിനായി രൂപീകരിച്ച സംസ്ഥാന ജില്ലാ കൗൺസിലുകളുടെ പ്രവർത്തനത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും, വൃദ്ധസദനങ്ങളുടെ സേവനപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ദീർഘകാല നടപടികൾ ആവശ്യമായിവരുന്ന വിഷയങ്ങൾ സംബന്ധിച്ച പരാതികളിൽ ബന്ധപ്പെട്ട വകുപ്പുകൾ വഴി പരിഹാരം കണ്ടെത്തുന്നതിനും പ്രസ്തുത സമിതി ശ്രദ്ധ ചെലുത്തുന്നുണ്ട്.

2015 ജനുവരി 1 മുതൽ ഡിസംബർ 31 വരെ, മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ പരിഗണനയ്ക്ക് വന്ന ഹർജികളിലെ ശിപാർശകളും വിഷയങ്ങളും നിർദ്ദേശങ്ങളും അടങ്ങുന്നതാണ് മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2014-16) യുടെ 7-ാമത് റിപ്പോർട്ട്. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ, താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ എല്ലാ ഉദ്യോഗസ്ഥരും അതീവ ശ്രദ്ധ പുലർത്തേണ്ടതാണ്.

1.മുതിർന്ന പൗരന്മാർ സമർപ്പിക്കുന്ന ഹർജികളിന്മേൽ അടിയന്തര പ്രാധാന്യത്തോടെ റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ ബന്ധപ്പെട്ട വകുപ്പുകളും ഉദ്യോഗസ്ഥരും വളരെയധികം കാലതാമസം വരുത്തുന്നതിലും അംഗീകരിക്കാനാകാത്ത അനാസ്ഥ കാട്ടുന്നതിലും സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും, ഇക്കാര്യം എല്ലാ വകുപ്പുകളും ശ്രദ്ധിക്കണമെന്നും ഓരോ ഹർജിയിന്മേലുമുള്ള റിപ്പോർട്ട് കാലതാമസം കൂടാതെ ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചിട്ടുള്ളതിനാൽ ഹർജികളിന്മേൽ അടിയന്തര പ്രാധാന്യത്തോടെ റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

(...2)

2. വിവിധ ഹർജികളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ സമിതിക്ക് റിപ്പോർട്ടുകൾ ലഭ്യമാക്കുമ്പോൾ അനാവശ്യമായ കാലതാമസം ഒഴിവാക്കുന്നതിനും നിയമവിരുദ്ധ/ക്രമവിരുദ്ധ നടപടികൾ ഉണ്ടാകാതിരിക്കുന്നതിനും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ശ്രമമുണ്ടാകണമെന്നും ഹർജികളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ സമയബന്ധിതമായി നടപടി സ്വീകരിച്ച് കാലവിളംബം കൂടാതെ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചിട്ടുള്ളതിനാൽ, ഇക്കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

**കെ.ഷൈലശ്രീ**
**അഡീഷണൽ സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/
സെക്രട്ടറിമാർക്കും /സ്പെഷ്യൽ സെക്രട്ടറിമാർക്കും
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും
സെക്രട്ടറി, കേരള നിയമസഭ (ആമുഖ കത്ത് സഹിതം)
എല്ലാ ജില്ലാ കളക്ടർമാർക്കും വകുപ്പ മേധാവികൾക്കും
വെബ് ആന്റ് ന്യൂ മീഡിയ (ഗവൺമെന്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് - ബഹു: പാർലമെന്ററികാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ബഹു. ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിയ്ക്ക്
പാർലമെന്ററികാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
പാർലമെന്ററികാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ